## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3351 19.10.2016-ൽ മറുപടിയ്ക്ക്

### തീയേറ്റർ സമുച്ചയങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ റ്റി.വി.രാജേഷ് | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) പുതിയ സാങ്കേതിക വിദ്യയും നവീനമായ ആശയങ്ങളും സംയോജിപ്പിച്ച് ചലച്ചിത്ര മേഖലയുടെ വികസനത്തിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (എ) ചലച്ചിത്ര മേഖലയുടെ വികസനത്തിന്റെ ഭാഗമായി പുതിയ സാങ്കേതിക വിദ്യയും നവീന ആശയങ്ങളും സംയോജിപ്പിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിംസിറ്റിയായി ഉയർത്തുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 25 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് ചെറിയ തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) ഇക്കാര്യം പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ